**KOLO SURYOYO**

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

ലക്കം – 2 പുസ്തകം – 1 ഫെബ്രുവരി– 2009 Web: www.syrianchurch.org/Kolo Suriyoyo


# കോലോ സുറിയോയോയുടെ ഇന്റർനെറ്റ് എഡിഷൻ ഉദ്ഘാടനം ചെയ്തു



*കോലോ സുറിയോയോയുടെ ഇന്റർ നെറ്റ് എഡിഷൻ ഉദ്ഘാടനം അഭിവന്ദ്യ ഗീവർഗീസ് മോർ ദീവന്നാസിയോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു*

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ കഴിഞ്ഞ 40–ൽ പരം വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച കോലോ സുറിയോയയുടെ ഇന്റർ നെറ്റ് എഡിഷന്റെ ഉദ്ഘാടനം സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മോർ ദീവന്നാസിയോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. യൂത്ത് അസോസിയേഷന്റെ എല്ലാ നല്ല പ്രവർത്തികളെയും അഭിവന്ദ്യ തിരുമേനി അഭിനന്ദിക്കുകയും ചെയ്തു. വികാരി വന്ദ്യദിവ്യശ്രീ ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ഇട്യാടത്ത് , യൂത്ത് അസോസിയേഷൻ മണർകാട് യൂണിറ്റ് പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ, പള്ളിട്രസ്റ്റി ശ്രീ. പി. വി. മാത്യു പറപ്പള്ളിൽ, സെക്രട്ടറി ശ്രീ. ഉമ്മച്ചൻ പള്ളത്തറ, യൂത്ത് അസോസിയേഷൻ സെക്രട്ടറി ജിജോ റ്റി മാത്യു തൊട്ടിയിൽ, എഡിറ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ, കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ മുൻവൈസ് പ്രസിഡന്റും യൂത്ത് അസോസിയേഷന്റെ മുൻ ഭദ്രാസന സെക്രട്ടറിയും ഈ യൂണിറ്റിലെ സജീവ അംഗവുമായ ശ്രീ. സന്തോഷ് കുട്ടി കണിയാംപറമ്പിൽ, യൂത്ത് അസോസിയേഷൻ അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു. പ്രസിദ്ധീകരണമാരംഭിച്ചിട്ട് ഒരു വർഷമായ ഈ അവസരത്തിൽ ഇന്റർനെറ്റ് എഡിഷൻ ആരംഭിക്കുവാൻ സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തിന് മഹത്വം കരേറ്റുകയും തമ്പുരാനെപ്പെറ്റ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യുന്നു.

ഈ പ്രസിദ്ധീകരണത്തിന് ഉചിതമായ പേര് ഏതെന്ന് ചിന്തിച്ചപ്പോൾ 1979–ൽ ഹോളണ്ടിൽനിന്നും അഭിവന്ദ്യ യേശുശിശക്ക് റമ്പാന്റെ (പിൽക്കാലത്ത് മോർ യൂലിയോസ് യേശു ശീശക്ക്) നേതൃത്വത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച കോലോ സുറിയോയോ എന്ന പ്രസിദ്ധീകരണം ഞങ്ങളുടെ ഓർമ്മയിൽ വന്നു. 1970–കളിൽ തുർക്കിയിലെ ക്രൂരമായ മത പീഡനത്താൽ യൂറോപ്പിന്റെ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്ത സുറിയാനിക്കാരെ ഒരുമിപ്പിക്കാൻ ഈ പ്രസിദ്ധീകരണം വഹിച്ച പങ്ക് വളരെ വലുതാണ് ഇന്ന് ജർമ്മനിയിൽ മാത്രം 70–ഓളം ദൈവാലയങ്ങൾ സുറിയാനി സഭയ്ക്കുണ്ട്. യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഇന്ന് സുറിയാനി സഭയ്ക്ക് ഭദ്രാസനങ്ങളും ദേവാലയങ്ങളും ഉണ്ട്. വാർത്താവിനിമയ മാധ്യമങ്ങൾ തുലോം ചുരുക്കമായിരുന്ന അക്കാലത്ത് ഈ പ്രസിദ്ധീകരണം വഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. എളിയതോതിലെങ്കിലും പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിൽ ഈ പ്രസിദ്ധീകരണം സഹായിക്കും എന്ന് ഞങ്ങൾ ദൈവത്തിൽ പ്രത്യാശിക്കുന്നു. ആദ്യപ്രതി അച്ചടിക്കുവാൻ അത്യദ്ധ്വാനം ചെയ്ത മുൻ സെക്രട്ടറിയും യൂത്ത് അസോസിയേഷൻ കേന്ദ്രകമ്മിറ്റിയംഗവും ആയ മനോജ് പി. വി., സന്തോഷ്കുട്ടി കണിയാംപറമ്പിൽ, മോബിൻ കിഴക്കേപ്പറമ്പിൽ, അനൂപ് വെള്ളാപ്പള്ളിൽ, റോബിൻ മണിയല, അജു മുണ്ടാനിക്കൽ, അനീഷ് തൊട്ടിയിൽ, റോണി വാണിയപ്പുരയ്ക്കൽ, എൽദോ വട്ടമല എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പോരായ്മകൾ ചൂണ്ടിക്കാട്ടിത്തന്ന നന്മനിറഞ്ഞ മനസ്സുകളോടും പരസ്യങ്ങൾ ആശംസകൾ എന്നിവ തന്നവരോടു നന്ദിരേഖപ്പെടുത്തുന്നു. തുടർന്നും പ്രാർത്ഥനാപൂർവ്വമായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഓരോമാസവും സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പരസ്യങ്ങളും വിവാഹവാർത്തകളും മാത്രമാണ് പ്രസിദ്ധീകരണത്തിന് ലഭിക്കുന്ന ഏകവരുമാനം ആയതിനാൽ ഈ കാര്യത്തിൽ ഇടവകജനങ്ങളുടെ സഹായം ഞങ്ങൾ പ്രതീക്ഷിക്കുന്നു. വെബ്സൈറ്റിന്റെ പേര് www.syrianchurch.org/Kolosuriyoyo

## വി. കുർബ്ബാന അർപ്പിച്ചു

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ അന്ത്യോഖ്യാ പ്രതിനിധി അഭിവന്ദ്യ മോർ സേവേറിയോസ് മൽക്കി മുറാദ് മെത്രാപ്പോലീത്ത തിരുമനസ്സു കൊണ്ട് ഫെബ്രുവരി 13–ാം തീയതി വെള്ളിയാഴ്ച വി. കുർബ്ബാന അർപ്പിച്ചു. 2005–ൽ പ. അഭിവന്ദ്യ തിരുമനസ്സുകൊണ്ട് ഈ ദേവാലയം സന്ദർശിച്ചിട്ടുണ്ട്. അഭിവന്ദ്യ തിരുമേനി യെരുശലേമിന്റെയും യോർദ്ദാന്റെയും ആർച്ച് ബിഷപ്പാണ്. മഞ്ഞിനിക്കരപ്പെരുന്നാളിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രത്യേക പ്രതിനിധിയായി വിദേശ രാജ്യങ്ങളിലുള്ള വൈദീകരുടെയും അൽമായരുടെയും അകമ്പടിയോടെയാണ് അഭിവന്ദ്യ പിതാവ് നമ്മുടെ ദേവാലയം സന്ദർശിച്ചത്.

## മഞ്ഞനിരിക്കര തീർത്ഥാടനം

മണർകാട് കേന്ദ്രമാക്കിയുള്ള കിഴക്കൻ മേഖല മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് മണർകാട് വി. മർത്തമറിയം കത്തീഡ്രലിൽ 11.02.09–ൽ സ്വീകരണം നൽകി. പിറ്റേന്ന് വെളുപ്പിന് 5 മണിക്ക് തീർത്ഥയാത്ര പുറപ്പെടുകയും വെള്ളിയാഴ്ച 10 മണിക്ക് വി. മോറാന്റെ കബറിങ്കൽ എത്തിച്ചേരുകയും ചെയ്തു. തീർത്ഥയാത്രക്കാരുടെ സൗകര്യാർത്ഥം യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു ഫസ്റ്റ് എയ്ഡ് വാൻ യാത്രയിൽ ക്രമീകരിച്ചിരുന്നു.

## പെരുമ്പള്ളി തീർത്ഥയാത്ര

യാക്കോബായ സുറിയാനി സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റും, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായും ആയിരുന്ന അഭി. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പെരുമ്പള്ളി സെന്റ് ജോർജ്ജ് സിംഹാസന പള്ളിയിലേക്ക് കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ 22.02.09–ൽ വാഹന തീർത്ഥയാത്ര ക്രമീകരിച്ചിരിക്കുന്നു. പോകുവാനാഗ്രഹിക്കുന്നവർ രാവിലെ 6.30–ന് സെന്റ് ജോസഫ് കത്തീഡ്രലിൽ എത്തിച്ചേരുക. മണർകാട് പള്ളിയിലെ യൂത്ത് അസോസിയേഷൻ പ്രവർത്തകർ വാഹനങ്ങളിൽ തീർത്ഥയാത്രയിൽ സംബന്ധിക്കുന്നതാണ്.

## ഫസ്റ്റ് എയ്ഡ്

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കിഴക്കൻ മേഖലാ മഞ്ഞനിക്കര തീർത്ഥാടകരുടെ സൗകര്യത്തെ പ്രതി ഫസ്റ്റ് എയ്ഡ് സംവിധാനത്തോടുകൂടിയ ഒരു ആംബുലൻസ് തീർത്ഥാടകരെ അനുഗമിച്ചു. കിഴക്കൻ മേഖലാ തീർത്ഥാടകരോടൊപ്പം വടക്കൻ മേഖലാ തീർത്ഥാടകരും ഇതിന്റെ പ്രയോജനം ലഭിച്ചു.

# ആലുവായിൽ പുണ്യപിതാക്കന്മാരുടെ കബറിങ്കൽ പ്രാർത്ഥന നടത്തി

അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ എക്കാലവും നിലനിന്ന പുണ്യപിതാക്കന്മാരാൽ സ്ഥാപിതമായ തൃക്കുന്നത്ത് സെമിനാരിയിലെ കബറിങ്കൽ സെമിനാരിയുടെ ഉടമസ്ഥനും അവകാശിയുമായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവാ പ്രാർത്ഥന നടത്തി. മെത്രാൻ കക്ഷികളുടെ ധാർഷ്ട്യം മൂലം പൂട്ടിക്കിടക്കുന്ന ആലുവാ തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയിലെ പ. പിതാക്കന്മാരുടെ കബറുകളിൽ യാക്കോബായ സഭയുടെ പ്രാദേശിക തലവനായ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിലാണ് പ്രാർത്ഥന നടത്തിയത്. സംഘർഷ സാധ്യതയെ തുടർന്ന് കനത്ത പോലീസ് കാവലിൽ തികച്ചും സമാധാനപരമായാണ് പ്രാർത്ഥന നടന്നത്. രാവിലെ മെത്രാൻ കക്ഷികൾക്ക് 8 മുതൽ 11 വരെയും ഉച്ചയ്ക്ക്ശേഷം യാക്കോബായ സഭയ്ക്ക് 1 മുതൽ 5 വരെയും സമയം അനുവദിച്ചു. വിശ്വാസികൾക്ക് 5 മിനിറ്റ് വീതമാണ് സമയം ക്രമീകരിച്ചിരുന്നത്. ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്ന അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ്, കടവിൽ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി, വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാരുടെ ദുഃഖറോനോ പെരുന്നാൾ ദിനത്തിലാണ് ശ്രേഷ്ഠ ബാവായും, സഭയിലെ മെത്രാപ്പോലീത്തന്മാരും തൃക്കുന്നത്ത് പള്ളിയിൽ പ്രാർത്ഥന നടത്തിയത്.

1 മണിയോടെ യാക്കോബായ സഭാ വിശ്വാസികൾ കബറുകളിൽ സന്ദർശനം തുടങ്ങി. പ. വലിയ തിരുമേനിയുടെ മാതൃ ഇടവകയായ അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് യാക്കോബായ പള്ളിയിൽനിന്നും 11 മണിയോടെ ആരംഭിച്ച തീർത്ഥയാത്ര എത്തിയ ശേഷം 4.10–നാണ് ശ്രേഷ്ഠ ബാവ പ്രാർത്ഥന നടത്തിയത്. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത, സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ, ട്രസ്റ്റി ജോർജ്ജ് മാത്യു തെക്കേതലയ്ക്കൽ, ടി. യു. കുരുവിള എം. എൽ. എ. എന്നിവരുമൊപ്പമുണ്ടായിരുന്നു.

മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രിഗോറിയോസ് (പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി). ഡോ. ഏബ്രഹാം മോർ സേവേറിയോസ്, മാത്യൂസ് മോർ അപ്രേം, കുറിയാക്കോസ് മോർ ദിയസ്ക്കോറോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, പൗലോസ് മോർ ഐറേനിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, ഗീവർഗീസ് മോർ അത്താനാസിയോസ്, ഡോ. കുറിയാക്കോസ് മോർ ക്ലീമീസ്, കുറിയാക്കോസ് മോർ ഈവാനിയോസ്, റമ്പാന്മാർ തുടങ്ങിയവരും നേരത്തെ കബറിലെത്തി പ്രാർത്ഥിച്ചു മടങ്ങി.

യാക്കോബായ സഭയുടെ ക്രമീകരണങ്ങൾക്ക് സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ, ട്രസ്റ്റി ജോർജ്ജ് മാത്യു തെക്കേത്തലയ്ക്കൽ, ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം, ഷെവ. കെ. ഒ. ഏലിയാസ്, ഷെവ. ഉമ്മച്ചൻ വേങ്കടത്ത്, ഫാ. വർഗീസ് കല്ലാപ്പാറ തുടങ്ങിയവർ നേതൃത്വം നൽകി. ശനിയാഴ്ച രാത്രി മുതൽ പള്ളി പരിസരത്ത് തൃശൂർ, ആലപ്പുഴ, ഇടുക്കി ജില്ലകളിൽനിന്നുള്ള റിസേർവ്വ് ബെറ്റാലിയൻ ഉൾപ്പെടെ ആയിരത്തിൽപ്പരം പോലീസുകാരെ വിന്യസിച്ചിരുന്നു. പള്ളിയും പരിസരവും ബാരിക്കേട് കെട്ടി കനത്ത സുരക്ഷാവലയം തീർത്ത ശേഷമാണ് സന്ദർശനം അനുവദിച്ചത്. കവാടത്തിൽ മെറ്റൽ ഡിറ്റക്ടർ സ്ഥാപിച്ചിരുന്നതിനു പുറമെ, ദേഹപരിശോധനയും ഉണ്ടായിരുന്നു. ബാഗുകളും പൊതികളും കൊണ്ടുപോകാൻ സമ്മതിച്ചിരുന്നില്ല. ഐ. ജി. വിൻസൺ എം. പോൾ, കലക്ടർ ഡോ. എം. ബീന എന്നിവർ സ്ഥിതിഗതികൾ നിയന്ത്രിച്ചു. ഹൈക്കോടതി നിർദ്ദേശാനുസരണം റൂറൽ എസ്. പി. വിജയനായിരുന്നു സുരക്ഷാ ചുമതല. എ. ഡി. എം. കെ. എൻ. രാജീവ്, ആർ. ഡി. ഒ. സുന്ദരേശൻ, തഹസീൽദാർ സുജാത, ഡി. വൈ. എസ്. പി. ഉണ്ണിരാജ, കോടതി നിയോഗിച്ച കമ്മീഷണർ അഡ്വ. ശ്രീലാൽ വാരിയർ എന്നിവരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നുവെന്ന് എല്ലാ പ്രവർത്തനത്തിനും നേതൃത്വം നൽകിയ സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ പറഞ്ഞു.

# മോർ സേവേറിയോസ് പാത്രിയർക്കീസ് (A.D.469 – A.D. 538)

സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധസഭ മുഴുവന്റെയും വിവേകമുള്ള വായും തൂണും മല്പാനും പുഷ്പങ്ങൾകൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും മറിയാം സംശയം കൂടാതെ ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസായ മോർ സേവേറിയോസ് പിസിദ്യായിൽ സൂസോപ്പോലീസ് നഗരത്തിൽ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിൽ ഏ.ഡി. 469 ൽ ഭൂജാതനായി. സുസോപ്പോലീസിലെ ഒന്നാമത്തെ സുന്നഹദോസിൽ ഈ എപ്പിസ്കോപ്പായും സംബന്ധിച്ചിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം യൗവനായ ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിനുവേണ്ടി അലക്സാന്ത്രിയായിലേക്ക് ഇദ്ദേഹത്തെ അയയ്ക്കുകയുണ്ടായി. അവിടെ തന്റെ ബുദ്ധിവിശേഷത്താൽ ഇദ്ദേഹം വിസ്മയിപ്പിച്ചിരുന്നു. റോമൻ നിയമസംഗീതയും തത്വജ്ഞാനവും പഠിക്കുവാനായി ബെയ്റൂട്ടിലെ റോമൻ കലാലയത്തിലേക്കു പോവുകയും സമർത്ഥമായി പഠനം പൂർത്തീകരിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ജീവിതരീതി കണ്ട് തൃപ്തനായ ഒരു സന്ന്യാസിശ്രേഷ്ഠൻ ഇപ്രകാരം പ്രവചിക്കുകയുണ്ടായി. ഇവൻ അഴുക്കുകൾ ദൂരീകരിക്കുമ്പോൾ മല്പന്മാരിൽ പ്രമുഖനും മേല്പട്ടക്കാരനും ആയിത്തീരും. അലക്സാന്ത്രിയായിൽ വച്ച് വേറൊരു ദയറാക്കാരൻ ഇപ്രകാരം പറയുകയുണ്ടായി. ഇദ്ദേഹം ഭൂതലം മുഴുവന്റേയും മേൽ ഒരു മേഘം പോലെ ഉയരും.

ഒരു ദിവസം അദ്ദേഹത്തിന്റെ ഉറ്റ സ്നേഹിതനായ സ്കറിയാ അദ്ദേഹത്തെ പ. മാതാവിന്റെ ദേവാലയത്തിലേക്കു കൊണ്ടുപോവുകയും അവിടെവച്ച് വേദപുസ്തകത്തിന്റെ ആരംഭം മുതൽ വചനമായ ദൈവത്തിന്റെ മനുഷ്യാവതാരം വരെയുള്ള ഭാഗങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്തു. കപ്പദോക്യൻ പിതാക്കന്മാരുടെയും കൂറിലോസ് ഈവാനിയോസ് അത്താനാസിയോസ് തേവോദോറോസ് മുതലായവ സഭാപിതാക്കന്മാരുടെയും കൃതികൾ വായിക്കുന്നതിനും അവിടെവച്ച് ഇടയായി. ബെയറൂട്ടിൽ നിയമപഠനം പൂർത്തിയാക്കിയപ്പോൾ അവിടെത്തന്നെ അദ്ധ്യാപകനായി അദ്ദേഹം നിയമിതനായി.

തന്റെ ആത്മസുഹൃത്തായ സ്കറിയായോടൊപ്പം ട്രിപ്പോളിയിൽ ലേവൻതോസിന്റെ കബർ സന്ദർശിക്കുകയും അനന്തരം ഹോംസിലേക്കു പോവുകയും ചെയ്തു. മോർ യൂഹാനോൻ മാംദാനായുടെ ദേവാലയത്തിൽ എത്തി അനുഗ്രഹം പ്രാപിച്ചു. അവിടെ നിന്നും പുണ്യ നഗരമായ ഊർശ്ലേമിലേക്കു പോയി. പുണ്യസ്ഥലങ്ങളും ദയറാകളും സന്ദർശിച്ചു കഴിഞ്ഞപ്പോൾ ദയറാജീവിതം ഇഷ്ടപ്പെടുകയും അഭിഭാഷകന്റെ അങ്കി വെടിയുകയും സന്ന്യാസത്വത്തിന്റെ വേഷം അണിയുകയും ചെയ്തു. അനന്തരം അവിടെ ദയറാക്കാരോടു ചേർന്നു വസിക്കുകയും രാത്രി മുഴുവനും വേദപഠനത്തിലും പിതാക്കന്മാരുടെ ഗ്രന്ഥപാരായണത്തിലും ചിലവഴിക്കുകയും ചെയ്തു. ശാന്തതയിലും ഏകാന്തതയിലുമുള്ള ജീവിതം അദ്ദേഹത്തിനു കൂടുതൽ പ്രിയങ്കരമായി തോന്നിയതുകൊണ്ട് മതപ്രദേശത്തേക്കു മാറി അവിടെ പ്രാർത്ഥനയിലും വ്രതാനുഷ്ഠാന ജീവിതത്തിലുമായി കഴിഞ്ഞു. വ്രതാനുഷ്ഠാനങ്ങളുടെ ഫലമായി തന്റെ ശരീരം ശോഷിക്കുകയും രോഗബാധിതനായിത്തീരുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ദയറാധിപൻ അദ്ദേഹത്തെ ദയറായിലേക്കു കൊണ്ടുപോവുകയും സൗഖ്യം ലഭിക്കുന്നതുവരെ താമസിപ്പിക്കുകയും ചെയ്തു. അവിടെനിന്നും ഗാസാപട്ടണത്തിനടുത്തുള്ള പത്രോസിന്റെ ദയറായിൽ എത്തി. ദയറാധിപൻ സന്തോഷത്തോടെ സ്വീകരിച്ചു. പിതൃസ്വത്തു വിറ്റ് ദരിദ്രന്മാർക്കു കൊടുക്കുകയും ബാക്കി തുകകൊണ്ട് ഒരു ദയറാ പണികഴിപ്പിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സുകൃതജീവിതത്തേയും ഉപദേശത്തേയും കുറിച്ചുള്ള ശ്രുതി നാനാഭാഗങ്ങളിലും എത്തി. അധികം താമസിയാതെ അപ്പീലാനിയോസ് എപ്പിസ്കോപ്പായാൽ വൈദിക പദവിയിലേക്കുയർന്നു. കൽക്കദോൻ അനുകൂലികളുടെ വാദങ്ങളെ നേരിടുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്തു.

വി. കൂറിലോസ് ഇരു സ്വഭാവവാദി എന്നു തെളിയിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലെ ഉദ്ധരണികൾ എടുത്തു വായനക്കാരെ തെറ്റിദ്ധരിപ്പിക്കേണ്ടതിന് ഒരു പുസ്തകം മക്കദൂർ രചിക്കുകയുണ്ടായി. അതിനു പ്രതികരണമായി

(ശേഷം പേജ് 5–ൽ)

# പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ

പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവ 1867 ഒക്ടോബർ 13–ാം തീയതി മർദ്ദീനിൽ ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പായുടേയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസറി എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടത്.

പരിശുദ്ധ ബാവായ്ക്ക് നാല് സഹോദരന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. മാതാവിന്റെ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജ്യേഷ്ഠസഹോദരനായ ജോസഫിന്റെ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായോടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അഫ്രേം, മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു.

പ. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസറി കുർക്കുമ ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നു മാസത്തിനുശേഷം ജോലി രാജിവച്ചു.

പരിശുദ്ധ പത്രോസ് തൃതീയൻ ബാവ നാസിറിയെക്കുറിച്ചറിഞ്ഞപ്പോൾ, നാല്പത് സഹദേന്മാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതിന് നിർദ്ദേശിച്ചു. ഏറ്റവും സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നാസിറി.

1887 ൽ പരിശുദ്ധ പത്രോസ് തൃതീയതൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888 ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892 ൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായിൽ നിന്ന് കശീശ്ശാ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യ കാര്യദർശിയെന്ന നിലയിൽ ചുമതലകൾ നിറവേറ്റിയ ഏലിയാസ് കശീശ്ശ മർദ്ദീനിന് അടുത്തുള്ള അമീർ മഹാഇടവകയുടെ ചുമതലകൾ കുറച്ചുനാൾ നിർവ്വഹിച്ചു. 1894 ൽ കാലം ചെയ്തപ്പോൾ അമീദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശ്ശ കുർക്കുമ ദയറായിലേക്കു തിരിച്ചു വന്നു.

1895 ൽ പരിശുദ്ധ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവ, ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശ്ശായെ നിയോഗിച്ചു.

പിന്നീട് കുറിയാക്കോസ് ദയറായുടെയും കുർക്കുമ ദയറായുടെയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും പള്ളികൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവ പണിയിക്കുകയും ചെയ്തു. ഏലിയാസ് കശ്ശീശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.

41 വയസ്സുള്ളപ്പോൾ പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ ഏലിയാസ് കശ്ശീശയെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ നിർവ്വഹിച്ചു. 1912–ൽ മൂസലിന്റെ മെത്രാപ്പോലീത്തയായി നിയമിതനായി.

1915 ൽ നവംബർ 26—ാം തീയതി അബ്ദുള്ള ദ്വിദീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്ത പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധബാവാ യെരുശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെ നിന്ന് അറബിയിലും സുറിയാനിയിലും മാസികകളും, ആഴ്ചപ്പതിപ്പുകളും പ്രസിദ്ധീകരിക്കുന്നത് ആരംഭിക്കുകയും ചെയ്തു. മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായെ വാഴിച്ചു. 1927 ൽ മലങ്കര സഭയ്ക്കു വേണ്ടി പരിശുദ്ധ ബാവാ വാഴിച്ച മെത്രാപ്പോലീത്താമാരാണ്. ക്നാനായ സമുദായത്തിന്റെ മോർ ദീയസ്കോറോസ് , മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെട്ട പുണ്യശ്ലോകനായ മിഖായേൽ മോർ ദീവന്നാസിയോസ് എന്നിവർ.

മലങ്കര സഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നെള്ളുകയോ ഒരു പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1 ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15 ന്



മറുപടി അയച്ചു.

ഹൃദ്രോഗബാധിതനായിരുന്ന പരിശുദ്ധ ബാവാ ഇൻഡ്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവ യാത്ര ചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. Iനാം ഇവിടെ തന്നെ താമസിച്ചാലും ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കുവേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു.I

പരിശുദ്ധ ബാവ 1931 ഫെബ്രുവരി 6–ാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത, വന്ദ്യ യേശു ശമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ) സെക്രട്ടറി സഖറിയ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരിവക്കീൽ എന്നിവർ ബാവായെ അനുഗമിച്ചു.

പരിശുദ്ധ ബാവായും സംഘവും 1931 ഫെബ്രുവരി 28 ന് ബസ്രാ തുറമുഖത്തുനിന്ന് വാർസോവാ എന്ന കപ്പലിൽ ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5 ന് കറാച്ചിയിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനിസിയോസ് വലിയ തിരുമേനി എന്നിവരും, കശീശന്മാരും, ശെമ്മാശന്മാരും വിശ്വാസികളും എത്തിയിരുന്നു. കറാച്ചിയിൽ നിന്ന് ട്രെയിൻ മാർഗ്ഗം യാത്ര ചെയ്ത് 8–ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12–ാം തീയതി മദ്രാസിലെത്തി ഗവർണർ സർ ജോർജ്ജ് സ്റ്റാൻലിയെ സന്ദർശിച്ചു.

മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവ 1931 ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വഹിച്ചു. 1931 ജൂലൈ അഞ്ചാം തീയതി കുറുപ്പംപടി പള്ളിയിൽ പ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നിലധികം തവണ സന്ദർശിക്കുകയും രണ്ടു മാസ ത്തിലധികം അവിടെ താമസിക്കുകയും ചെയ്തു. 1932 ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ സെന്റ് തോമസ് പള്ളിയിലാണ് നിർവ്വഹിച്ചത്.

1932 ഫെബ്രുവരി 11–ാം തീയതി മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാനശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താതിനാലുള്ള മനഃക്ലേശത്താലും, ദീർഘയാത്രയാലും പരിശുദ്ധ ബാവാ ക്ഷീണിതനായി.

കല്ലിശ്ശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേക്കുള്ള യാത്രയിലും, ഓമല്ലൂരിലും, ബഹുമാനപ്പെട്ട ഇലവിനാമണ്ണിൽ കുറിയാക്കോസ് കശ്ശീശാ വിപുലമായ സ്വീകരണക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞനിക്കരയിലെത്തിയ ബാവാ ഇവിടുത്തെ താമസം നമുക്കു വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നുവെന്നു കല്പിച്ചു. ഫെബ്രുവരി 12–ാം തീയതി പരിശുദ്ധ ബാവായെ സന്ദർശിക്കാനെത്തിയ വൈദീകരോട് ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോടു കൂടെ താമസിക്കരുതോ എന്നു കല്പിച്ചു. അന്നു വൈകിട്ട് മെത്രാപ്പോലീത്താമാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽ കന്തീലായുടെ പലഭാഗങ്ങളും ചൊല്ലികേൾപ്പിക്കുകയും, നിദ്രപ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയു ചെയ്തു.

ഫെബ്രുവരി 13–ാം തീയതി ശനിയാഴ്ച ബാവ കല്പിച്ച പ്രകാരം മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി, വിശുദ്ധ കുർബ്ബാനയർപ്പിച്ചു. മദ്ധ്യാഹ്നപ്രാർത്ഥനയ്ക്കു ശേഷം ഭക്ഷണം കഴിച്ചു. പിന്നീടു പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ചു സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറിയെഴുതികഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി. എന്റെ തല, എന്റെ തല എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴഞ്ഞതുപോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവ നിത്യതയിലേക്കു യാത്രയായി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.


പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാസനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെബ്രുവരി 14–ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ കല്പനപ്രകാരം മഞ്ഞനിക്കര ബാവായുടെ പേര് വി കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധന്റെ കബറിടം സ്ഥിതി ചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനൊയുടെ നാമത്തിൽ പള്ളി പണികഴിപ്പിച്ചു. ഈ പരിശുദ്ധന്റെ ഓർമ്മ പെരുന്നാൾ ഫെബ്രുവരി 13–ാം തീയതി സഭ ആഘോഷിക്കുന്നു.


# ദുഖ്റോനോ




പരിശുദ്ധ ഏലിയാസ് തൃതിയൻ ബാവാ (മഞ്ഞിനിക്കര) (ഫെബ്രുവരി 14)



അഭി. ഏലിയാസ് മോർ യൂലിയോസ് (ഫെബ്രുവരി 19)



അഭി. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (പെരുമ്പള്ളി) (ഫെബ്രുവരി 22)



അഭിവന്ദ്യ യാക്കൂബ് മോർ തിമോത്തിയോസ് (തൃക്കോതമംഗലം) (ഫെബ്രുവരി 10)

## നേർച്ച കഞ്ഞി നല്കി





മണർകാട്: ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ മഞ്ഞനിക്കര പെരുന്നാളിനോടനുബന്ധിച്ച് എത്തിച്ചേർന്ന തീർത്ഥാടകർക്ക് ഫെബ്രുവരി മാസം 14–ാം തീയതി ശനിയാഴ്ച വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നേർച്ച കഞ്ഞി വിതരണം ചെയ്തു. പള്ളി വികാരി വെരി. റവ. ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. റവ. ഫാ. കുറിയാക്കോസ് കാലായിൽ നേർച്ച കഞ്ഞി വിതരണം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ, റവ. ഫാ. മാത്യൂസ് വടക്കേടത്ത്, വെരി. റവ. ഫാ. ഏബ്രഹാം കുര്യാക്കോസ് കരിമ്പനത്തറ എന്നിവർ ആശംസകൾ അറിയിച്ചു. ഏതാണ്ട് 8000–ൽപരം ആളുകൾക്ക് നേർച്ച കഞ്ഞി നൽകുവാൻ സാധിച്ചു. ഈ സംരംഭത്തോട് സഹകരിച്ച ബഹു. വൈദീകർ, ട്രസ്റ്റിമാർ, സെക്രട്ടറി, യൂത്ത് അസോസിയേഷൻ അംഗങ്ങൾ, ഇടവകയിലും ഇടവയ്ക്കു പുറത്തുമുള്ള നല്ലവരായ ജനങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുകയും, ഭാവിയിലും എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.




*മഞ്ഞിനിക്കര തീർത്ഥയാത്രയെ അനുഗമിച്ച യൂത്ത് അസോസിയേഷന്റെ ഫസ്റ്റ് എയ്ഡ് യൂണിറ്റ്*



*മണർകാട് വാലയിൽ വി. എം. കുര്യാക്കോസിന്റെയും ജോളി കുര്യാക്കോസിന്റെയും മകൾ നീതുവും പത്തനംതിട്ട കുമ്പഴ കടവിൽ അടിമുറിയിൽ എ. വി. തോമസിന്റെയും വൽസമ്മ തോമസിന്റെയും മകൻ വിബിനും ഫെബ്രുവരി 7–ാം തീയതി വിവാഹിതരായി.*

## മഞ്ഞിനിക്കര പെരുന്നാൾ സമാപിച്ചു

പത്തനംതിട്ട: പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ എഴുപത്തിയേഴാമത് ഓർമ്മപ്പെരുന്നാൾ സമാപിച്ചു. പാത്രിയർക്കീസ് പ്രതിനിധി മോർ സേവേറിയോസ് മൽകി മുറാദിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാനയിൽ ആയിരങ്ങൾ പങ്കെടുത്തു. പുലർച്ചെ 3–ന് മോർ മിലിത്തിയോസ് യൂഹാനോൻ മെത്രാപ്പോലീത്തയുടെയും 5.30–ന് മാത്യൂസ് മോർ തേവോദോസിയോസിന്റെയും മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന നടന്നു. ഈവാനിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത, ഐറേനിയോസ് പൗലോസ് മെത്രാപ്പോലീത്ത എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

## സൂനോറോ പെരുന്നാൾ

പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1982 ഫെബ്രുവരി 26–നു നമ്മുടെ പള്ളിയിൽ സൂനോറോ സ്ഥാപിച്ചതിന്റെ ഓർമ്മക്കായി നടത്തി വരാറുള്ള സൂനോറ പെരുന്നാൾ ഫെബ്രുവരി 28–ന് ആചരിക്കും.

## മെത്രാൻകക്ഷികൾ കോടതിയിലേക്ക്

അഹങ്കാരത്തിന്റെയും പകയുടെയും ആത്മാവ് ബാധിച്ച മെത്രാൻ കക്ഷി നേതൃത്വം വീണ്ടും കോടതിയിലേക്ക്. 1995-ൽ ബഹു. സുപ്രീം കോടതി ഇടവകപ്പള്ളികൾ ഈ കേസിൽ കക്ഷികളലല്ലാത്തിനാൽ അവരെ സംബന്ധിക്കുന്ന ഒരു വിധി യും നടത്തുവാൻ സാധ്യമല്ലായെന്ന് വ്യക്തമായി വിധിച്ചിരിക്കേ ഇല്ലാത്ത കോടതിവിധി പറഞ്ഞ് വീണ്ടും ഹൈക്കോടതയിൽ കേസ് കൊടുത്തിരിക്കുകയാണ്.

# ജന്മദിനാശംസകൾ



**മോർ ഇവാനിയോസ് പൗലൂസ്**
**അൽ–സൗക്കി**
**ഫെബ്രുവരി 02**



**മോർ സേവേറിയോസ് മൽക്കി**
**മുറാദ്**
**ഫെബ്രുവരി 05**



**മോർ തെയോഫിലോസ്**
**കുര്യാക്കോസ്**
**ഫെബ്രുവരി 01**

# കുഴിപ്പുരയിടം വടക്കുംഭാഗം വി. മർത്തമറിയം പ്രാർത്ഥനായോഗം 67–ാം വാർഷികവും സുവർണ്ണ ജൂബിലി ഉദ്ഘാടനവും നടത്തി



*മണർകാട് വി. മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കുഴിപ്പുരയിടം വടക്കും ഭാഗം വി. മർത്തമറിയം പ്രാർത്ഥനായോഗത്തിന്റെ 67–ാമത് വാർഷികത്തോടനുബന്ധിച്ച് നിർദ്ധനരായ വികലാംഗർക്ക് നല്കിയ ട്രൈ–സൈക്കിളുകളും വീൽചെയറും വികലാംഗനായ രാമചന്ദ്രന് നല്കികൊണ്ട് ശ്രീ വി. എൻ. വാസവൻ എം. എൽ. എ. വിതരണം ചെയ്യുന്നു. കരിമ്പനത്തറ വന്ദ്യദിവ്യശ്രീ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ, വന്ദ്യദിവ്യശ്രീ ഇട്ടിയാടത്ത് കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ, ഒ. റ്റി. ഉലഹന്നാൻ ഒറ്റപ്ലാക്കൽ, റവ. ഫാ. മാത്യൂസ് മണവത്ത്, പി. വി. മാത്യു പറപ്പള്ളിൽ, ഏബ്രഹാം ഫിലിപ്പ് ഒറ്റപ്ലാക്കൽ, സന്തോഷ് ഇളംകുളത്ത്, ബോണി കരിമ്പന്നൂർ എന്നിവർ സമീപം.*

കുഴിപ്പുരയിടം വടക്കുംഭാഗം വി. മർത്തമറിയം പ്രാർത്ഥനായോഗത്തിന്റെ 67–ാമത് വാർഷികവും വനിതാസമാജത്തിന്റെ സുവർണ്ണ ജൂബിലി ഉദ്ഘാടനവും ഫെബ്രുവരി 1–ാം തീയതി ഞായറാഴ്ച സെന്റ് മേരീസ് നഗറിൽ വെച്ച് നടത്തപ്പെട്ടു. രക്ഷാധികാരി വന്ദ്യദിവ്യശ്രീ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ കരിമ്പനത്തറ അദ്ധ്യക്ഷത വഹിച്ചു. സുവർണ്ണ ജൂബിലി ഉദ്ഘാടനം മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ വികാരി വന്ദ്യദിവ്യശ്രീ ഇട്ടിയാടത്ത് കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. നിർദ്ധനരായ വികലാംഗർക്ക് പ്രാർത്ഥനായോഗം നല്കിയ ട്രൈ–സൈക്കിളുകളും വീൽചെയറും, ശ്രീ വി. എൻ. വാസവൻ എം. എൽ.എ വിതരണം ചെയ്തു. റവ. ഫാ. മാത്യൂസ് മണവത്ത്, ശ്രീ പി. വി. മാത്യു പറപ്പള്ളിൽ, ഏബ്രഹാം ഫിലിപ്പ് ഒറ്റപ്ലാക്കൽ, തോമസ് പി. ശാമുവൽ പുത്തൻപറമ്പിൽ, സന്തോഷ് ചാക്കോ ഇളംകുളത്ത് എന്നിവർ ആശംസ പ്രസംഗം നടത്തി.

# മണർകാട് സെന്റ് മേരീസ് കത്തീഡ്രലിലെ പുതിയ ഭരണസമിതി

## ട്രസ്റ്റിമാർ



**ജോർജ് തൊമ്മി**
**മണ്ണൂപ്പറമ്പിൽ**



**പി. വി. മാത്യൂ**
**പറപ്പള്ളിൽ**



**ജോർജ് വർഗീസ്**
**ചിറക്കാട്ട്**

## സെക്രട്ടറി



**തോമസ് ഉമ്മൻ**
**പള്ളത്തറ**

# മോർ സേവേറിയോസ് പാത്രിയർക്കീസ്..

*(പേജ് 3–ൽ നിന്നും തുടർച്ച)*

സേവേറിയോസ് ഫിലാലാത്തീസ് (സത്യസ്നേഹി) എന്ന പുസ്തകം രചിക്കുകയും അതിൽ മക്കദൂന്യ വഞ്ചനയും കപടങ്ങളായ ഉദ്ധരണികളേയും വിശദീകരിച്ചുകാണിക്കുകയും ചെയ്തു. മക്കദൂൻരെ വിശ്വാസവിപരീതം മനസ്സിലാക്കിയ രാജാവു മക്കദൂനെ നാടു കടത്തി.

ഏ.ഡി. 512 ൽ കിഴക്കിന്റെ പിതാക്കന്മാർ സൈദൂനിൽ ഒരു സുന്നഹദോസ് കൂടുകയും കൽക്കദൂൻ വിശ്വാസിയായ അന്ത്യോക്യൻ പാത്രിയർക്കീസ് ഫലബിയനോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ശ്രേഷ്ഠമായ അന്ത്യോഖ്യാ സിംഹാസനത്തിലേക്കു സേവേറിയോസിനെ പാത്രിയർക്കീസായി തെരഞ്ഞെടുക്കുകയും ചെയ്തു. അനസ്താസ് രാജാവ് ഈ തിരഞ്ഞെടുപ്പ് അംഗീകരിച്ചു. സേവേറിയോസിനെ സൈദൂസിലേക്കു കൊണ്ടുവരുന്നതിനായി ആളയച്ചു. വിളിക്കുവാനായി പോയവർ ഇപ്രകാരം പ്രാർത്ഥിച്ചു. ഈ തിരഞ്ഞെടുപ്പിൽ ദൈവനടത്തിപ്പുണ്ടെങ്കിൽ സേവേറിയോസ് തന്നെ വന്നു വാതിൽ തുറന്നുതരും. അവരുടെ പ്രാർത്ഥനപോലെ തന്നെ സംഭവിച്ചു. സാധാരണയായി സന്ദർശകരെ സ്വീകരിക്കുന്നതു ശിഷ്യന്മാരായിരിക്കും. പക്ഷെ സുന്നഹദോസയച്ചവരെ സേവേറിയോസുതന്നെ സ്വീകരിച്ചു. ഈ തെരഞ്ഞെടുപ്പിൽ ദൈവം സംപ്രീതനായിരിക്കുന്നുവെന്നവർ ഗ്രഹിച്ചു. അദ്ദേഹം അവരോടൊപ്പം സൈദൂനിലേക്കു പോവുകയും അവിടെ എത്തിയപ്പോൾ പിതാക്കന്മാർ തന്നെ പാത്രിയർക്കീസായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നുതന്നെ വിവരം ഗ്രഹിക്കുകയും ഈ ഉന്നത സ്ഥാനത്തിനു താൻ യോഗ്യനല്ലെന്നും തന്നെ ദയറായിലേക്കു മടങ്ങുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുയും ചെയ്തു. പക്ഷെ പിതാക്കന്മാർ സ്ഥാനസ്വീകരണത്തിന് അദ്ദേഹത്തെ നിർബന്ധിക്കുകയും ചെയ്തു അന്ത്യോഖ്യാനിവാസികൾ ആഹ്ലാദത്തോടെയാണ് ഇദ്ദേഹത്തെ അവിടെ സ്വീകരിച്ചത്.

ഏ.ഡി. 512 ഒക്ടോബർ 6–ാം തീയതി മോർ സേവേറിയോസ് പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായി. ജഡധാരണം ചെയ്ത ദൈവത്തിനു ഇരു സ്വഭാവങ്ങളിൽ നിന്നും സംയോജിതമായ ഏക സ്വഭാവമാണുള്ളതെന്നു പഠിപ്പിച്ചു. അന്ത്യോക്യായിൽ ഒരു സുന്നഹദോസു വിളിച്ചുകൂട്ടി പരിശുദ്ധ ശ്ലീഹന്മാരുടെയും, മൂന്നു പൊതു സുന്നഹദോസുകളുടെയും വിശ്വാസത്തെതന്നെ സ്വീകരിക്കുകയും നെസ്തോറിന്റെയും എവുത്തിക്കായുടെയും ഉദ്ബോധനങ്ങൾ തള്ളുകയും ചെയ്തു. മാബൂഗിലെ പീലക്സീനോസായിരുന്നു ഇതിനു പ്രധാന പങ്കു വഹിച്ചത്. തന്റെ മുൻഗാമിയായ ഫലബിയാനോസിന്റെ വിപരീതോപദേശത്തേയും പ്രവർത്തനങ്ങളേയും ഇദ്ദേഹം തിരുത്തി.

ഈ പരിശുദ്ധൻ പാത്രിയാർക്കീസായിതിനു ശേഷവും സന്യാസവ്രതാനുഷ്ഠാന രീതി തുടർന്നു പോന്നു. പാത്രിയർക്കാ അരമന ലളിത ജീവിതത്തിന്റെ മാതൃകയാക്കി. ഇടവകകളെയും ദയറാകളേയും ശുദ്ധീകരിച്ചു. ഏ.ഡി. 513 ൽ മാബൂഗിലെ പീലക്സിനിയോസിന്റെ സഹായത്തോടെ അനസ്താസ് രാജാവിന്റെ കല്പനപ്രകാരം സൂർ എന്ന നഗരത്തിൽ ഒരു സുന്നഹദോസു വിളിച്ചുകൂട്ടി. കിഴക്കുനിന്നുള്ള സകല എപ്പിസ്കോപ്പാമാരും ഇതിൽ സംബന്ധിച്ചിരുന്നു. മോർ സേവേറിയോസും ഇതിൽ അദ്ധ്യക്ഷം വഹിച്ചു സത്യവിശ്വാസം വീണ്ടും ഒരിക്കൽകൂടി ഉറപ്പിക്കുകയും ചെയ്തു. സുന്നഹദോസു തീരുമാനം അലക്സാന്ത്രിയാ പാത്രിയർക്കീസിനേയും കുസ്തന്തീനോസ് പാത്രിയർക്കീസിനേയും എഴുതി അറിയിച്ചു. അങ്ങനെ നാലു ഭാഗങ്ങളിലുമുള്ള സഭകൾ ഈ തീരുമാനങ്ങൾ അംഗീകരിച്ചു.

അനസ്താസിന്റെ പിൻഗാമിയായ യുസ്തിനോസ് ചക്രവർത്തിയായിരുന്നപ്പോൾ സത്യവിശ്വാസികളെ പീഡിപ്പിക്കുവാൻ തുടങ്ങി. പലരേയും നാടു കടത്തി. മോർ സേവേറിയോസ് അലക്സാന്ത്രിയായ്ക്കു സമീപമുള്ള ഒരു സ്ഥലത്തേക്കു മാറി താമസിച്ചു. ഏകദേശം 20 വർഷത്തോളം അവിടെ താമസിക്കേണ്ടി വന്നു. അവിടെ താമസിച്ചുകൊണ്ട് തന്റെ ഇടയലേഖനത്തിലൂടെ സഭയെ നയിച്ചു. യുസ്തീനോസിനുശേഷം സഭയിൽ സമാധാനശ്രമം ആരംഭിക്കുകയും മോർ സേവേറിയോസ് ദയറായിലേക്കു മടങ്ങുകയും ചെയ്തു. റോമിലെ അഗബിത്തോസിന്റെ നിസ്സഹകരണം മൂലം ഭിന്നത തുടരുകയും മോർ സേവേറിയോസ് അലക്സാന്ത്രിയായിലേക്കു തിരികെ പോവുകയും സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടം തുടരുകയും ചെയ്തു. ഇദ്ദേഹത്തിന്റെ അന്ത്യനാളുകൾ സമീപിച്ചപ്പോൾ തന്റെ ശിഷ്യന്മാരെ വിളിച്ചുകൂട്ടി. എന്റെ കാലം അവസാനിക്കാറായി ഞാൻ മിശിഹായോട് ചേരുവാൻ ആഗ്രഹിക്കുന്നു. അവിടെ നിങ്ങളും എന്റെ അടുക്കൽ വരിക. അവിടെ നാം ഒരുമിച്ചാകും എന്നു പറഞ്ഞു. മഹാപണ്ഡിതനായ ഈ വിശുദ്ധൻ എ. ഡി. 538 ഫെബ്രുവരി 8–ാം തീയതി ശനിയാഴ്ച തന്റെ 79–ാം വയസിൽ കർത്തൃസന്നിധിയിലേക്കു വാങ്ങിപ്പോയി.

# ശുദ്ധമുള്ള നോമ്പേ സമാധാനത്തോടെ വരിക

**സുരേഷ് ജോൺ കൈപ്പള്ളിൽ**

ലോകത്തിലെ എല്ലാ പുരാതന മതങ്ങളിലും ചില പ്രത്യേക സമയങ്ങളിൽ നോമ്പ് അല്ലെങ്കിൽ വ്രതം അനുഷ്ഠിക്കുന്നത് നമുക്ക് കാണാം. ഹിന്ദുമതത്തിലും ഇസ്ലാം മതത്തിലും വ്രതത്തിന് വലിയ പ്രാധാന്യം ഉണ്ട്. ആത്മ ശരീര മനസ്സുകളുടെ ശുദ്ധീകരണമാണ് നോമ്പു കൊണ്ട് ഉദ്ദേശിക്കുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാധിക്കില്ല. മഹത്വമുള്ളവനായ യേശായാ ദീർഘദർശിയുടെ പുസ്തകം 58-ാം അദ്ധ്യായത്തിൽ യഹോവയ്ക്ക് പ്രസാദമുള്ള നോമ്പ് എപ്രകാരമായിരിക്കണമെന്ന് വിശദീകരിക്കുന്നുണ്ട്. നോമ്പ് നോൽക്കുന്നവർ നിർബന്ധമായും ഈ അദ്ധ്യായം വായിക്കണം. സാത്താനെ ജയിക്കുവാൻ ഉള്ള ആയുധമാണ് നോമ്പ്. യേശുക്രിസ്തു നാല്പത് ദിനം നോമ്പ് നോറ്റു. മോശയും ഏലിയാവും അപ്രകാരം തന്നെ നോമ്പ് നോറ്റ് ആത്മാവിൽ ഏറെ ബലം പ്രാപിച്ചുവെന്ന് വിശുദ്ധ വേദത്തിൽനിന്ന് നാം മനസ്സിലാക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ലായെന്ന് യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷാകാലത്ത് കല്പിച്ചത് ഓർക്കാം. ആത്മാവിന്റെ രക്ഷയ്ക്ക് നോമ്പ് അനിവാര്യമാണ്. എന്നാലിന്ന് നോമ്പ് പലർക്കും മടുപ്പുളവാക്കുന്നു. രോഗികൾക്കും വൃദ്ധരായാവർക്കും മാത്രമാണ് പരിശുദ്ധ സിംഹാസനത്തിൽനിന്ന് ഇളവ് അനുവദിച്ചിട്ടുള്ളത്. ശാരീരികമായി ഉണ്ടാകുന്ന രോഗ ചികിത്സയ്ക്ക് ചില ഭക്ഷണ സാധനങ്ങൾ വർജ്ജിക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചാൽ അനുസരിക്കുവാൻ ബുദ്ധിമുട്ടില്ല. എന്നാൽ ആത്മാവിന്റെ നിത്യരക്ഷയ്ക്ക് സഹായകരമായ നോമ്പ് പലർക്കും ബുദ്ധിമുട്ടാണ്.

സുറിയാനി ഭാഷയിൽ സൌമോ എന്ന പദം ഇതിനുപയോഗിച്ചിരിക്കുന്നു. യഥാർത്ഥമായ അർത്ഥം ഉപവാസം എന്നത്രെ. അതായത് യഥാർത്ഥ നോമ്പ്, ഉപവാസം അഥവാ ഉപവാസത്തോടു കൂടിയുള്ളതാകുന്നു. ഉപവാസത്തെക്കുറിച്ച് വി. പുസ്തകത്തിൽ വിവിധ ഭാഗങ്ങൾ കാണാം.

1. നോമ്പ് ദൈവം ആദാമിനു കൊടുത്ത കല്പനയായിരുന്നു (ഉല്പ. 2:17)

2. നോയമ്പോടുകൂടി ആവശ്യമായവ:- (1) പ്രാർത്ഥന (എസ്ര. 8:23, ദാനി. 9:3) (2) ഏറ്റുപറച്ചിൽ (1 ശമു. 7:6, നെഹ. 9:1-2) (3) വിലാപം (യോവേ. 2:12) (4) വിനയം (ആവ. 9:18, നെഹ. 9:1)

3.യഥാർത്ഥ ഉപവാസത്തിനുള്ള വാഗ്ദാനം. ഏശാ. 58:8-12. മത്താ. 6:18

4. എങ്ങനെ ഉപവസിക്കണം? 1) പ്രകടനത്തിനായിട്ടരുത് (മത്താ. 6:16-18) (2) ദൈവനാമത്തിൽ ചെയ്യണം (സഖ. 7:5) (3) ആത്മതപനത്തിന് (സങ്കീ. 35:13, 69:10)

**5. വേദപുസ്തകത്തിലെ ചില ഉപവാസങ്ങൾ:-**

1) ദൈവത്തിന്റെ ന്യായവിധി സമയം (യോവേ. 1:14, 2:12)
2) രാജ്യത്തിന്റെ ആപൽഘട്ടത്തിൽ (2 ശമു. 1:12)
3) സഭയുടെ വിഷമസന്ധികളിൽ (ലൂക്കോ 5:33-35)
4) സ്വന്തദുഃഖ സന്ദർഭങ്ങളിൽ (2 ശമു. 12:16)
5) ആപത്ത് ആസന്നമാകുമ്പോൾ (എസ്ഥേർ 4:16, യോനാ 3:5-8)
6) സഭാ ശുശ്രൂഷകന്മാരെ അഭിഷേകം ചെയ്യുമ്പോൾ (അ. പ്ര. 13:3, 14:23)

6. 1. നമ്മുടെ കർത്താവ് ഉപവസിച്ചു (മത്താ. 4:2)
2. മോശ (പുറ. 34:28
3. ഏലിയാ (1 രാജാ. 19:8)
4. ദാവീദ് (2 ശമു. 12:16)
5. നെഹമ്യാ (1:4)
6. എസ്തേർ (4:16)
7. ദാനിയേൽ (9:3)
8. യോഹന്നാന്റെ ശിഷ്യന്മാർ (മത്താ. 9:14)
9. ഹന്നാ (ലൂ. 2:27)
10. കൊർന്നൊല്യേസ് (അ.പ്ര. 10:30)
11. ആദിമ ക്രിസ്ത്യാനികൾ (13:2)
12. ശ്ലീഹന്മാർ (2. കോ. 6:5)
13. വി. പൌലോസ് (അ.പ്ര. 27:21)
14. ഇസ്രയേല്യർ (ന്യായാ. 20:26, എസ്രാ 8:21, യറമിയാ. 36:9)

7. കപട ഭക്തരുടെ ഉപവാസം ദൈവം നിരസിക്കും (ഏശ. 58:3, 4, 5,, യറ 14:12)

8. ആദിമസഭയിൽ നിശ്ചിത നോമ്പുകൾ ഉണ്ടായിരുന്നു.

നിഖ്യാ സുന്നഹദോസിനു മുമ്പു തന്നെ നാല്പതു നോമ്പ് ഉണ്ടായിരുന്നുവെന്നും വി. അത്താനാസ്യോസിന്റെ കാലത്ത് അത് ആചരിച്ചിരുന്നുവെന്നും അത് അപ്പോസ്തലിക കാലം മുതൽ ഉണ്ടായിരുന്നതും അവരാൽ നിശ്ചയിക്കപ്പെട്ടിരുന്നതും ആണെന്ന് എവുസേബിയോസ്, വി. അഗസ്തീനോസ്. വി. ബസ്സേലിയോസ്, വി. തെയോഫിലോസ്, മാർ കൂറിലോസ് എന്നിവർ പ്രസ്താവിക്കുന്നു . എങ്ങനെ ആചരിക്കണമെന്ന് വ. ഐറെണിയോസ് നിർദ്ദേശിച്ചിട്ടുണ്ട്. ബുധൻ വെള്ളി ദിവസങ്ങളിലെ നോമ്പിനെക്കുറിച്ചും തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ട്. വി. അത്താനോസ്യോസ് ദുഃഖ വെള്ളിയാഴ്ച ഇരുപത്തിരണ്ടര (3 മണി) വരെ യാതൊന്നും കഴിക്കാതെ ഉപവസിച്ചിരുന്നു വെന്നും, ഉപവാസത്തെക്കുറിച്ച് വളരെ പുകഴ്ത്തി പിതാക്കന്മാർ പറഞ്ഞിരിക്കുന്നു. വലിയനോയമ്പിന്റെ എല്ലാ ദിവസവും അപ്പവും വെള്ളവും മാത്രം കഴിച്ചിരുന്നതായും തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ട്.

വൈദീകരും അത്മായക്കാരും 40 നോമ്പിലോ ബുധനാഴ്ച വെള്ളിയാഴ്ച ദിവസങ്ങളിലോ ഉപവസിക്കാതിരുന്നാൽ മുടക്കപ്പെടുകയും വേർതിരിക്കപ്പെടുകയും ചെയ്യണമെന്നു ശ്ലീഹന്മാരുടെ കാനോൻ നിർദ്ദേശിക്കുന്നു. ശനി, ഞായർ ഉപവാസ ദിവസങ്ങളല്ല. കാശീശായോ ശെമ്മാശനോ 20 വയസ്സിനു മേൽ പ്രായമുള്ള വിശ്വാസിയോ വിശ്വാസിനിയോ പെന്തിക്കോസ്തിയുടെ 50 ദിവസങ്ങളൊഴികെ ബുധനാഴ്ച വെള്ളിയാഴ്ച നോമ്പ് ലംഘിക്കുവാൻ പാടില്ല. എന്നാൽ രോഗത്തിലോ ഞെരുക്കത്തിലോ, ബന്ധനത്തിലോ ഇരിക്കുന്നവർക്കും, ഗർഭിണികൾക്കും മുലകുടിക്കുന്നവർക്കും ആകാവുന്നതാണ്. അറിയിപ്പിന്റെ ശനിയാഴ്ച ഒഴികെ, അത്യാവശ്യം പ്രമാണിപ്പാനല്ലാതെ മറ്റു ഞായറാഴ്ചയും ശനിയാഴ്ചയും ഉപവാസമനുഷ്ഠിക്കുവാൻ യാതൊരു വിശ്വാസിക്കും അധികാരമില്ല. ഒരു വർഷത്തിൽ അഞ്ചു നോമ്പുകൾ നമുക്കുണ്ട്. 40 ദിവസങ്ങളിലെ വലിയ നോമ്പ്, ശ്ലീഹാനോമ്പ്, ദൈവമാതാവായ മറിയാമിന്റെ വാങ്ങിപ്പിന്റെ നോമ്പ്, രക്ഷാകരമായ യൽദോനോമ്പ്, നിനുവെ നോമ്പ് എന്നിവയത്രെ.

9) വി. സഭയുടെ കല്പനകളിൽ സുപ്രധാന സ്ഥാനം നോമ്പിനു കൊടുത്തിരിക്കുന്നു. ഏഴ് കല്പനകളിൽ മൂന്നെണ്ണവും നോമ്പുസംബന്ധിച്ചവയത്രെ.

1. ഞായറാഴ്ചയും പെരുന്നാളുകളിലും വി. കുർബ്ബാനയിൽ സംബന്ധിക്കണം.
2. വി. സഭയാൽ കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ ആചരിക്കണം.
3. ബുധനാഴ്ചയും വെള്ളിയാ ഴ്ചയും നോമ്പ് ആചരിക്കണം.
4. പട്ടക്കാരന്റെ മുമ്പാകെ വിശുദ്ധ കുമ്പസാരം നടത്തണം.
5. വി. കുർബ്ബാന അനുഭവിക്കണം.
6. (നോമ്പു മുതലായവ) നിരോധിക്കപ്പെട്ട നാളുകളിൽ വിവാഹസംബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കണം.
7. വഴിപാടുകൾ, ദശാംശങ്ങൾ, റീശീസാകൾ കൊടുത്തുകൊള്ളണം.

10. നോമ്പിന്റെ ഉദ്ദേശം.

(1) ജഡകാര്യങ്ങളെക്കാൾ ആത്മീകകാര്യങ്ങളെ വിലമതിക്കേണ്ടതാകുന്നു എന്നു പഠിപ്പിക്കുവാൻ. (2) ജഡമോഹങ്ങളെ കീഴടക്കി ആത്മാവിന്റെ പുഷ്ടിപ്പെടുത്താൻ 3) ആത്മാവിനെ ദൈവിക കാര്യങ്ങളിലേക്ക് ഉയർത്തുവാൻ. 4) വ്രതപാലനത്തിലൂടെ ആത്മസംയമനവും പ്രാർത്ഥനയിലുള്ള തീഷ്ണതയും വർദ്ധിപ്പിക്കുവാൻ. 5) സാത്താനെയും അവന്റെ പരീക്ഷണങ്ങളെയും ജയിപ്പാൻ ഒരായുധമാക്കിയിരിപ്പാൻ. 6) ഉദരസ്നേഹം അനേകം പാപങ്ങളുടെയും മാതാവാകയാൽ അതിൽ നിന്നുണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ. 7) ദാനീയേൽ, എസ്തേറിന്റെ കാലത്തെ യഹൂദജനത, നിനുവക്കാർ ആദിയായവർ വ്രതപാലനം മൂലം അപകടങ്ങളെ തരണം ചെയ്തുപോലെ, ദൈവാനുഗ്രഹം ലഭിപ്പാൻ. 8) ശ്ലീഹന്മാർ സുപ്രധാന കർമ്മങ്ങൾക്ക് മുമ്പ് ഉപവാസം അനുഷ്ഠിച്ച് ഉയരത്തിൽ നിന്നുള്ള ശക്തിയും നടത്തിപ്പും പ്രാപിച്ചതുപോലെ പ്രാപിക്കുവാൻ 9) ദൈവത്തിനായി വലിയ കാര്യങ്ങൾ സാധിപ്പാൻ മോശയും ഏലിയായും ഉപവാസത്തോടെ പ്രാർത്ഥിച്ചതുപോലെ ദൈവനാമമഹത്വത്തിനായി വൻകാര്യങ്ങൾ ചെയ്യാനുള്ള ശക്തി ലഭിക്കുവാൻ 10) സർവ്വോപരി നമ്മുടെ കർത്താവിന്റെ മാതൃക നാം അനുകരിക്കുവാൻ 11) നോമ്പ് പാപത്തെ പുറത്താക്കി പുണ്യത്തെ സ്വീകരിക്കുന്നു. നോമ്പ് അത്യാഗ്രഹത്തിനു പകരം വ്രതവും, ദുർവ്വിചാരങ്ങൾക്കു പകരം പാപമില്ലായ്മയും, അതിഭക്ഷണത്തിനു പകരം സുകൃതവും കോപത്തിനു പകരം ക്ഷമയും കാമവികാരത്തിനു പകരം വിശുദ്ധിയും, സമ്പാദിച്ചുതരുന്നു. നോമ്പ് ആത്മാവിനെ നിർമ്മലമാക്കി ശരീരത്തെ വെടിപ്പാക്കുകയും ആലോചനയെ പൂർണ്ണമാക്കുകയും, മനഃസാക്ഷിയെ നിർമ്മലമാക്കുകയും നിഗളത്തെ ദൂരീകരിച്ച് വിനയം വരുത്തുകയും ചെയ്യുന്നു.

വിശുദ്ധ വേദപുസ്തകവും വിവിധ നോമ്പുകളിൽ പരിശുദ്ധ പിതാക്കന്മാർ പരിശുദ്ധാത്മ നിറവിൽ എഴുതിയ പ്രാർത്ഥനകളും പരിശോധിച്ചാൽ നമുക്ക് പ്രധാനപ്പെട്ട ചില കാര്യങ്ങൾ മനസ്സിലാകും

ക്രിസ്ത്യാനിക്കു യുക്ത വും ദൈവത്തിന് പ്രീതികരവു മായ നിലയിൽ അന്യായബന്ധ ങ്ങൾ അഴിച്ച്, വഞ്ചനയുടെ കെട്ടുകൾ പൊട്ടിച്ച്, ബന്ധിതരെ സ്വതന്ത്രരാക്കി, അക്രമങ്ങൾ നിർത്തലാക്കി, ധർമ്മങ്ങൾ, സൽക്കർമ്മങ്ങൾ മുതലായവയാൽ ദൈവത്തെ പ്രീതിപ്പെടുത്തിക്കൊണ്ടും ആയിരിക്കണം.

ആത്മാവും ശരീരവും എല്ലാ തിന്മകളിൽ നിന്നും സംശുദ്ധമായിരിക്കണം. തന്റെ നോമ്പിൽ വഞ്ചന കലർത്താത്തവൻ പറുദീസയിൽ സന്തോഷിക്കും.


## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

*കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ചു തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.*

*ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞനിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9745009151, എഡിറ്റർ: 9446073942, 9249935038.*

# ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

സുദീർഘമായ വൈദിക പാരമ്പര്യമുള്ളതും സുപ്രശസ്തവുമായ പുതുപ്പള്ളി കാരാപ്പുഴ കുടുംബത്തിൽ 1108 തുലാം 8–ാം തീയതി ഇദ്ദേഹം ഭൂജാതനായി. വിശ്വാസധീരൻ, പ. അന്ത്യോഖ്യാ സിംഹാസനഭക്തൻ എന്നീ നിലകളിൽ പ്രസിദ്ധനായിരുന്ന അദ്ദേഹത്തിന്റെ പിതാവ്, ശ്രീ. മാത്തു വിശ്വാസധീരനായിരുന്ന മാർ മീഖായേൽ ദീവന്നാസ്യോസ് തിരുമേനിയുടെ ആത്മമിത്രമായിരുന്നു. പുതുപ്പള്ളിപള്ളിയിലെ വിശ്വാസാന്തരീക്ഷം അദ്ദേഹത്തിനു സഹിക്കാവുന്നതല്ലായിരുന്നു. അതിനാൽ 3 മൈലകലെയുള്ള മണർകാടു പള്ളിയിലും ഏഴെട്ടുമൈലകലെയുള്ള പാമ്പാടി പള്ളിയിലുമാണ് എല്ലാ ഞായറാഴ്ചയും മുടങ്ങാതെ അദ്ദേഹം വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ പൊയ്ക്കൊണ്ടിരുന്നത്. കണ്ണിന്റെ കാഴ്ചക്കുറവുണ്ടായിരുന്നിട്ടുപോലും അദ്ദേഹം ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. എന്നുമെന്നും പ. പാത്രിയർക്കീസ് ബാവായ്ക്ക് കീഴ്പ്പെട്ടു നില്ക്കുന്ന മണർകാടു പള്ളിയിൽ മാത്രമേ തന്റെ ശവസംസ്കാരം നടത്താവു എന്ന് നേരത്തെ അദ്ദേഹം ഏർപ്പാടും ചെയ്തിരുന്നു. ഏതാദൃശനായ ഭക്തപിതാവിന്റെ കാൽപ്പാടുകളിൽ കൂടെ മാത്രം ചരിച്ചിരുന്ന ബാലനായ ഗീവറുഗീസ് വത്സല പിതാവിന്റെ നിര്യാണശേഷം അതേ വിശ്വാസപാരമ്പര്യം അണുവിടാതെ തെറ്റാതെ പാലിച്ചുവന്നു. മഹാസിദ്ധനായിരുന്ന മാർ മിഖായേൽ ദീവന്നാസ്യോസു തിരുമേനിയുടെ പരിലാളനയിലും ശിക്ഷണത്തിലും 7 വയസ്സു മുതൽ കഴിഞ്ഞു വന്ന ഇദ്ദേഹം 23–ാം വയസ്സിൽ മാർ യൂലിയോസു ബാവായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ഇദ്ദേഹം കേരളാ യൂണിവേഴ്സിറ്റിയുടെ ബി. ഓ. എൽ. ബിരുദം സമ്പാദിച്ചു. മഞ്ഞനിക്കര സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശെമ്മാശൻ ഭക്താഗ്രേസരനായിരുന്ന മാർ യൂലിയോസുബാവായുടെ ജന്മദിനത്തിൽ അദ്ദേഹത്താൽ വൈദീകനാപ്പെട്ടു. പെരുമ്പിള്ളി സിംഹാസനപ്പള്ളിയുടെ സ്ഥാപനത്തിലും നടത്തിപ്പിലും മുൻകൈ എടുത്തിരുന്ന കാട്ടുമങ്ങാട്ട് ശ്രീ. ദാനിയേലിനോട് ഇവനെ നിങ്ങൾക്കായി നാം നിയമിക്കുന്നു. ഇവൻ നിങ്ങൾക്കൊരു നിധിയായിരിക്കും എന്നു പ്രത്യേകം കല്പിച്ചുകൊണ്ടാണ് ഇദ്ദേഹത്തെ പെരുമ്പിള്ളി സിംഹാസനപ്പള്ളിക്കായി നിയമിച്ചത്. കേവലം ഒരു ചെറിയ തകരപ്പെട്ടിയും രണ്ടുജോഡി കാപ്പായും പ. ഏലിയാസ് തൃതിയൻ ബാവായുടെ ഒരു പഴയ ളോഹയും, മാർ യൂലിയോസുബാവാ അനുഗ്രഹിച്ചു നൽകിയ ഒരു രൂപായുമായി വന്ന ഗീവറുഗീസച്ചന്റെ ഭക്തിയുടെ ഫലമായി അന്നു കേവലം ഒരു ചെറിയ പള്ളിയായിരുന്ന പെരുമ്പിള്ളി പള്ളി ഗീവറുഗീസച്ചന്റെ ഭക്തി സമ്പൂർണ്ണമായ സേവനത്താൽ യഥാർത്ഥത്തിൽ പെരുമ്പള്ളിയായത് ആധുനിക സംഭവമാണ്.

പരിശുദ്ധനായ പരുമല തിരുമേനി കാലം ചെയ്തത് പരുമലയാണെങ്കിലും ഭൂജാതം ചെയ്തത് പെരുമ്പള്ളിൽ ആയിരുന്നു. പക്ഷേ 1078–ൽ അദ്ദേഹം കാലം ചെയ്തെങ്കിലും ഏതാണ്ട് 50 വർഷം കഴിഞ്ഞിട്ടും ആ മഹാ പരിശുദ്ധന്റെ പറയത്തക്ക യാതൊരു സ്മാരകവും ആ പ്രദേശത്ത് ഉയർന്നിരുന്നില്ല! എന്ന വസ്തുത പ. തിരുമേനിയോട് അഗാധഭക്തനായിരുന്ന നവവൈദികനു സഹിപ്പാൻ നിവൃത്തിയില്ലായിരുന്നു. കൊച്ചച്ചന്റെ ഏറ്റവും വലിയ സമ്പത്തായി അദ്ദേഹം കരുതിയിരുന്നത്. പ. തിരുമേനിയുടെ ശിഷ്യനായിരുന്ന തന്റെ പൂർവ്വവൈദികൻ വഴിയായി തനിക്കു ലഭിച്ചിരുന്ന പ. തിരുമേനി കൂദാശ ചെയ്ത വി. തബ്ലൈത്തായും ഒരു വെള്ളിമുദ്രയുമത്രെ. ആ വിശുദ്ധ തബ് ലൈത്താവച്ച് വി. കുർബ്ബാന മുടങ്ങാതെ അർപ്പിക്കുകയും ദീർഘമായ ഒരുപവാസം നടത്തുകയും ചെയ്തതോടുകൂടി പ. തിരുമേനിയുടെ യഥാർത്ഥമായ സാന്നിദ്ധ്യം തന്നോടുകൂടെയുണ്ടെന്നുള്ള ഉറച്ച വിശ്വാസത്തോടെ പ്രവർത്തനമാരംഭിച്ചു. പ. തിരുമേനി കുടിപ്പള്ളിക്കൂടത്തിൽ പഠിച്ചിരുന്ന അതേ സ്ഥലത്ത് മനോഹരമായ ഒരു കുരിശുംതൊട്ടി സ്ഥാപിക്കാനുള്ള തീവ്രയത്നമാണ് അദ്ദേഹത്തെ സംപൂജ്യനാക്കിയത്. അഹോരാത്രം പണിപ്പെട്ട് പിരിവു നടത്തി വി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പും പ. കൊച്ചു തിരുമേനി ഉപയോഗിച്ചിരുന്ന മസ്നസായും സ്ഥാപിച്ചിട്ടുള്ള കുരിശുംതൊട്ടി ഉയർന്നതോടെ അവിടെ വിവിധ അത്ഭുതങ്ങൾ ആരംഭിച്ചു.

മലങ്കരയിൽ സത്യവിശ്വാസം ചോദ്യം ചെയ്യപ്പെട്ടപ്പോൾ 1973 ഫെബ്രുവരി 22–ന് പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ പരി. പത്രോസ് അന്തോഖ്യായിൽ സിംഹാസനം സ്ഥാപിച്ച സുദിനത്തിൽ മെത്രാപ്പോലീത്ത ആയി വാഴിക്കപ്പെട്ടു. ശ്രുതിമധുരമായ ആരാധനയിൽ മലങ്കരയിൽ എല്ലാ സഭാ വിഭാഗങ്ങളിലും ഉള്ള ജനങ്ങളുടെ ആദരവ് നേടി.

നീണ്ട കാൽനൂറ്റാണ്ടുകാലത്തെ സഭാശുശ്രൂഷകൾക്കുശേഷം 1999 ഫെബ്രുവരി 22–ന് തന്റെ പിതാവിന്റെ മരണ ദിനത്തിൽ മെത്രാപ്പോലീത്താ ആയ ദിനത്തിന്റെ തൊട്ടുതലേന്ന് സ്വർഗ്ഗീയ ഊർശ്ലേമിലേക്ക് യാത്രയായി.

## ശുദ്ധമുള്ള നോമ്പേ സമാധാനത്തോടെ ....

*(പേജ് 6–ൽ നിന്നും തുടർച്ച)*

ഉപവാസം നല്ലതാണ്, എന്നാൽ ഒരുവൻ സ്നേഹം കൂടാതെ നോമ്പുനോറ്റാൽ അവന്റെ വ്രതം കൊണ്ട് ഒരു പ്രയോജനവുമില്ല. പ്രാർത്ഥന നല്ലതാണ്. എന്നാൽ സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറകു ബലഹീനമത്രെ.

നോമ്പുകാലത്ത് തന്റെ ഭക്ഷണ അഗതികൾക്ക് നല്ല മനസ്സോടെ കൊടുക്കുന്നവന് കാരുണ്യവാനിൽ നിന്നു പ്രതിഫലം കിട്ടും.

സ്വർഗ്ഗത്തിലേക്കു പറന്നു കയറാനുള്ള ചിറകു നമുക്കു ലഭിക്കുന്നത് ഇങ്ങനെയുള്ള ഉപവാസം മൂലമാണ്. അതായത്, നീ പരിപാകതയുള്ളവനും, നിർമ്മലനും, സ്നേഹസമ്പൂർണ്ണനും ആയിരിക്കണം. നിന്റെ നാവ് വഞ്ചനയിൽ നിന്നും, ഹൃദയം അനീതിയിൽ നിന്നും മാറിയിരിക്കണം. നിന്റെ സഹോദരനോടും നിന്റെ ശത്രുവിനോടും നീ സ്നേഹമുള്ളവനായിരിക്കണം.

ഭക്ഷണപാനീയത്തിൽ നിന്നുമാത്രമുള്ളനോമ്പ് ചെറുതായി കണക്കിടപ്പെട്ടിരി ക്കുന്നു. നിന്റെ നോമ്പിൽ ദാനധർമ്മങ്ങളുണ്ടെങ്കിലോ, അതു ദൈവസന്നിധിയിൽ വലുതു തന്നെ. നീ ഒന്നും ധർമ്മം കൊടുക്കുവാൻ കഴിവില്ലാത്തവനെങ്കിലോ നിന്റെ നോമ്പിൽ സ്നേഹം നിറഞ്ഞിരിക്കട്ടെ.

ഭക്ഷണവും പാനീയവുമല്ല മനുഷ്യനെ പാപിയോ പുണ്യവാനോ ആക്കുന്നത്. ശാരീരിക ജീവൻ നിലനിർത്തുവാൻ ദൈവം തന്നവയാണല്ലോ അവ. തിന്മയിൽ നിന്നും മാറുക. നന്മ ചെയ്യുക. ഈ നോമ്പ് കർത്താവിനെ പ്രീതനാക്കും.

ഭക്ഷണത്തിൽ നിന്ന് ഉപവസിക്കുകയും വൈരാഗ്യ വും അസൂയയും നിറഞ്ഞിരിക്കുന്നവനുമുണ്ട്. വീഞ്ഞുകുടിക്കാതിരിക്കുകയും അതേ സമയം തന്നെ സഹോദരനെ രഹസ്യമായി കൊല്ലുന്നവനുമുണ്ട് നമുക്ക്. പരസ്പരം സ്നേഹിക്കാം. ഇതാണ് കല്പനകളും പൂർത്തീകരണം. ഭക്ഷണത്തിൽ നിന്നു ഉപവസിക്കുന്നവൻ വാക്കുകൊ ണ്ടു പാപം ചെയ്തെന്നുവരാം. സ്വയം പണിതുയർത്തി, താഴെത്തള്ളിയിട്ട്, പ്രയോജനം ഇല്ലാതാക്കിയാൽ എന്തു ഗുണം? നോമ്പു നോറ്റു നീതിമാനായി, സംസാരിച്ചു. നീതിയെ നാറ്റി. അവന്റെ ഉദരം ശൂന്യമാണെങ്കിലും അവന്റെ ഉപവാസം അഴിഞ്ഞു പോയല്ലോ.

നിന്റെ അയൽക്കാരനോടു നിനക്കു സ്നേഹമില്ലെങ്കിൽ, നീ എന്തിനു നോമ്പു നോക്കുന്നു? ധനവാനേ, ലോകത്തിൽ നീ ദീനജനാനുകമ്പയുള്ളവനായിരിക്ക, നിന്റെ സഹോദരങ്ങൾക്കും കൂടെ സംരക്ഷണം നൽകുവാൻ ദൈവം നിന്നെ സംരക്ഷകനാക്കിയിരിക്കുകയാണെന്ന് നീ ഓർക്കുക.

നിന്റെ വായ ഭക്ഷണത്തി ൽ നിന്നെന്നപോലെതന്നെ അനീതിയിൽ നിന്നും വിരമിക്കട്ടെ. നിന്റെ നാവിനെ അടക്കുകയും ചെയ്യുക.

ശരീരം ഭക്ഷണത്തിൽ നി ന്നു ഉപവസിക്കുമ്പോൾ, ആത്മാ വു തിന്മയിൽ നിന്നും വിരമിക്ക ണം. ദുർവ്വികാരങ്ങളിൽ ആത്മാ വ് തടയപ്പെടുന്നില്ലെങ്കിൽ, ഭക്ഷ ണം കൂടാതെയുള്ള നോമ്പ് വെ റും പ്രയോജനശൂന്യമത്രെ.

അല്ലയോ നോമ്പുകാരാ, നീ ദരിദ്രനെ വിളിച്ചു വരുത്തി അവനു ഭക്ഷണം കൊടുക്കുക. അവൻ വരികയില്ല, നീ അവന്റെ പിന്നാലെ ചെന്ന് അവന്റെ വയറു നിറയ്ക്കാൻ കൊടുക്കുക. വയലുകൾ കർഷകന്റെ പുറകെ വരികയില്ല, കർഷകൻ വിത്തുമായി ചെന്ന് വാരി വിതറുകയല്ലേ? ദരിദ്രൻ ഭിക്ഷ ചോദിക്കുമ്പോൾ, ദൈവം നിന്നെ പുലർത്തി ക്കൊള്ളും എന്നു മാത്രം നീ അവനോട് പറയരുത്. ആ വാക്കിനൊരു പ്രതിഫലനവുമില്ല. ദാനം കൊടുത്തിട്ട്, പിന്നെ അതു പറഞ്ഞു കൊൾക, കുറ്റമില്ല, എന്തെന്നാൽ ആരാണവനെ പോറ്റുന്നതെന്ന് നിന്നെക്കാൾ നന്നായി അവനറിയാം.

നോമ്പിൽ നാം പ്രാർത്ഥനാനിരതമായിരിക്കണം. കാലാവസാനത്തിൽ കർത്താവ് കിഴക്കുനിന്ന് വരുമെന്നുള്ളതുകൊണ്ട് കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കണമെന്ന് ശ്ലീഹന്മാർ തീരുമാനം ചെയ്തു. കർത്താവ് പ്രകാശത്തെ സൃഷ്ടിച്ചതിനാൽ പ്രഭാതത്തിലും, താൻ കുറ്റം വിധിക്കപ്പെട്ട മൂന്നാം മണി നേരത്തും, താൻ ക്രൂശിക്കപ്പെട്ട ആറാം മണി നേരത്തും പ്രകൃതി ഇളകി വിറച്ച ഒമ്പതാം മണി നേരത്തും, രാത്രികൊടുത്ത പ്രശാന്തതക്കുവേണ്ടി വൈകുന്നേരവും, പകലിന്റെ ആഗമത്തെ പ്രതികോഴി കൂകുമ്പോഴും പ്രാർത്ഥിച്ചുകൊള്ളണം. ഏഴിന്റെ പൂർത്തീകരണത്തിനായി സൂത്താറായുടെ മറ്റൊരു പ്രാർത്ഥനയും മൽപാന്മാർ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ അൽമായക്കാർക്ക് ഏഴുനേരം പ്രാർത്ഥിപ്പാൻ കഴിയാത്തതിനാൽ മൂന്നു നേരം പ്രാർത്ഥിച്ചു കൊള്ളണം. സന്ധ്യക്കും, പ്രഭാതത്തിലും ഉച്ചയ്ക്കും.

ഈ നോമ്പ് ആത്മാവിൽ ബലം പ്രാപിക്കുവാൻ എല്ലാവർക്കും സഹായകരമാകട്ടെ

## ഫെബ്രുവരി മാസത്തിൽ ഓർമ്മിക്കാൻ


| | |
|---|---|
| 1 | അന്ത്യോഖ്യായുടെ മാർ യൂഹാനോൻ |
| 2 | മായൽത്തോ പെരുന്നാൾ, നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനവും വൃദ്ധനായ മാർ ശെമവൂന്റെ ഓർമ്മയും. |
| 3 | വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമയുടെ ഓർമ്മ. |
| 8 | അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ |
| 10 | യാക്കോബ് മോർ തീമോത്തിയോസ് (തൃക്കോതമംഗലം 1986) |
| 11 | മാർ അപ്രേം മല്പാന്റെയും പരിശുദ്ധനായ തേവോറോസ് സഹദായുടേയും ഓർമ്മ |
| 13 | മഞ്ഞിനിക്കര തീർത്ഥാടന സമാപനം |
| 14 | മഞ്ഞിനിക്കര പെരുന്നാൾ (മോറോൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവാ) 1932 |
| 16 | മുരിക്കാശ്ശേരി സെന്റ് മേരീസ് പള്ളി തിരുനാൾ |
| 23 | അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് ബാവാ (മഞ്ഞിനിക്കര) |
| 18 | അന്ത്യോഖ്യായുടെ മാർ യാക്കോബ് രണ്ടാമൻ |
| 22 | ശ്ലീഹന്മാരിൽ തലവനായ മോർ പത്രോസിന്റെയും അദ്ദേഹം അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ചതിന്റെയും ഓർമ്മ. |
| 23 | ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി 1999). അന്ത്യോഖ്യാ പ്രതിനിധികൾ മാർ ഏലിയാസ് യൂലിയോസ് (മഞ്ഞിനിക്കര) നോമ്പാരംഭം |
| 24 | ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ |
| 26 | പരിശുദ്ധ ദൈവമാതാവിന്റെ സൂനോറോ സ്ഥാപിച്ചത് (മണർകാട് പള്ളി 1982) |
| 27 | വി. മൂറോൻ കൂദാശ (1982–മണർകാട് പള്ളി–അന്ത്യോഖ്യായുടെ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ.) |

# ഗൃഹ നിർമ്മാണത്തിന് ആവശ്യമായതെല്ലാം ഒരുമിച്ച് "ഒരിടത്ത്"










## PREMIUM QUALITY MATERIALS AT REASONABLE COST

**Bath Fittings, Tiles, Sanitarywares, Modular Kitchen**
**Fancy Lights, Electricals, Cables, Hoods, Hobs etc.**

Well home consultancy for any of your house hold queries and requirements and free demonstration at any working hours at our world class showroom



**BUILDERS MERCHANT**
Everything for your dream house under one roof...

M.C.Road, Near Matha Hospital, Thellakom P.O., Kottayam - 16
Tel: 0481-2792377, 094471 65610, Fax: (91) 481-2792377
E-mail: buildersmerchant08@gmail.com www.buildersmerchant.co.in

Jaquar® Too good to resist

Prestige™ kitchen boutique — ttk
Kitchens you'll love to flaunt

Parryware®

DRISYA 9447037315

Modular kitchen tailor made for your own kitchen space

And Many More Premium Brands Under One Roof









Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam